**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288** **09-10-2025 - ൽ മറുപടിയ്ക്ക്**

**സമുദ്രോല്പന്ന കയറ്റുമതി മേഖല നേരിടുന്ന വെല്ലുവിളി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ വിദേശനാണയ ശേഖരത്തിലേക്ക് മികച്ച സംഭാവന നൽകുന്ന സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനം പ്രതിസന്ധി നേരിടുന്നതായ സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സമുദ്രോത്പന്ന കയറ്റുമതിയുടെ അളവിലും മൂല്യത്തിലും കേരളം രാജ്യത്ത് അഞ്ചാം സ്ഥാനത്താണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിൽ നിന്നുള്ള പ്രധാന ഇനം തിരിച്ചുള്ള കയറ്റുമതി പട്ടിക അനുബന്ധം ആയി ചേർക്കുന്നു. മത്സ്യ/ചെമ്മീൻ ദൗർലഭ്യം കാരണം കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി അളവിലും മൂല്യത്തിലും കുറവുണ്ടായിട്ടുണ്ട്. ഈ കാലയളവിൽ സമുദ്രാതിർത്തികളിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള അക്വാകൾച്ചർ വഴിയുള്ള മത്സ്യ/ചെമ്മീൻ ലഭ്യതയിലും കുറവുണ്ടായിട്ടുണ്ട്.<br><br>കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയെക്കുറിച്ച് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CMFRI) ഇടയ്ക്കിടെ വിശകലനങ്ങൾ നടത്തിയിട്ടുണ്ട്. സമീപകാലത്ത് ഈ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളതീരത്ത് വിദേശ കപ്പലുകളുടെ ട്രോളിങ്ങും നിരന്തരമുണ്ടാകുന്ന കടൽക്ഷോഭവും മൂലം മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള കുറവ് മത്സ്യോല്പന്ന കയറ്റുമതിയിൽ എത്രത്തോളം വ്യത്യാസമുണ്ടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കഴിഞ്ഞ ദശകത്തിൽ (2015-16 മുതൽ 2023-24 വരെ) കേരളത്തിലെ സമുദ്ര മത്സ്യബന്ധന മേഖല സമ്മിശ്ര പ്രകടനമാണ് കാഴ്ചവച്ചത്. കോവിഡ്-19 പ്രതിസന്ധിയെ തുടർന്നുള്ള രണ്ട് വർഷങ്ങൾ ഒഴികെയുള്ള കാലയളവിൽ കേരളത്തിലെ മൊത്തം മത്സ്യബന്ധനത്തിന്റെ അളവിൽ വലിയ കുറവ് കാണിച്ചിട്ടില്ല. 2024-ൽ അവസാനിച്ച ത്രൈവാർഷിക കണക്കുകൾ പ്രകാരം ശരാശരി 6.46 ലക്ഷം ടൺ ഉത്പ്പാദനം നടന്നതായി CMFRI കണക്കുകൾ കാണിക്കുന്നു. 2017ൽ അവസാനിച്ച ത്രൈവാർഷിക കണക്കുകൾ പ്രകാരം ഇത് 5.29 ലക്ഷം ടൺ ആയിരുന്നു. COVID-19 കാലഘട്ടങ്ങളിൽ 2020 ലും |

| | | | |
|---|---|---|---|
| | | | 2021 ലും ശരാശരി ഉത്പ്പാദനം 4.58 ലക്ഷം ടൺ ആയിരുന്നു. എന്നിരുന്നാലും, 2014-2021 കാലഘട്ടത്തിന് ശേഷം മത്തി (sardine) ഉത്പ്പാദനം ഗണ്യമായി കുറഞ്ഞതായി കാണുന്നു.<br><br>കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയിലും (കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് പോർട്ട്/വിമാനത്താവളങ്ങൾ എന്നിവയിൽ നിന്നുള്ള കയറ്റുമതി പ്രകാരം) വ്യത്യാസങ്ങൾ പ്രകടമാണെങ്കിലും കാര്യമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2023-24 ൽ അവസാനിച്ച ത്രൈവാർഷിക കണക്കുകൾ പ്രകാരം കൊച്ചി തുറമുഖത്ത് നിന്നുള്ള ശരാശരി കയറ്റുമതി 1.93 ലക്ഷം ടൺ ആയിരുന്നു. ഇത് 2017-18 അവസാനിക്കുന്ന ത്രൈവാർഷിക കണക്കുകളേക്കാൾ പ്രകാരം അല്പം കൂടുതലായിരുന്നു. എന്നിരുന്നാലും, COVID കാലയളവിൽ കയറ്റുമതി ഗണ്യമായി കുറഞ്ഞ് ഇത് 2019-21 ൽ ശരാശരി 1.44 ലക്ഷം ടൺ ആയി. സമീപ വർഷങ്ങളിൽ വില സ്ഥിരതയിലായ്മയും സമുദ്രോത്പ്പാദനത്തിലെ അസ്ഥിരയും സമുദ്രോത്പന്ന കയറ്റുമതിക്ക് ഗണ്യമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇന്ത്യയുടെ മത്സ്യബന്ധന രീതികൾ സംരക്ഷിത ജീവിയായ കടലാമകളെ ദോഷകരമായി ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി, 2019 മുതൽ യു.എസ്.എയിലേക്ക് ചെമ്മീൻ കയറ്റുമതി ചെയ്യുന്നതിൽ (അളവിൽ 36% ഉം കേരളത്തിൽ നിന്നുള്ള കയറ്റുമതിയുടെ മൂല്യത്തിൽ 49% ഉം) പ്രസ്തുത രാജ്യം നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതും സംസ്ഥാനത്ത് നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇവ കൂടാതെ, യൂറോപ്യൻ വിപണികളിലെ കർശനമായ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ മൂലമുണ്ടാകുന്ന വെല്ലുവിളികൾ, വർദ്ധിച്ചുവരുന്ന ഷിപ്പിംഗ് ചെലവുകൾ, ആഗോള വിപണിയിലെ മാന്ദ്യം എന്നിവയും മറ്റു ഘടകങ്ങളിൽ ഉൾപ്പെടുന്നു. 2025 ഏപ്രിൽ മുതൽ ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതിയിൽ യു.എസ് ഭരണകൂടം ഏർപ്പെടുത്തിയ ഉയർന്ന താരിഫുകളും കേരളത്തിൽ നിന്നുള്ള കയറ്റുമതിയെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | ഇന്ത്യയുടെ തീരക്കടലിലെ കടൽ സസ്തനികളുടെ സംരക്ഷണം സംബന്ധിച്ച അന്താരാഷ്ട്ര നിർദേശങ്ങൾ പാലിക്കുന്നതിന് കേന്ദ്രം കാലതാമസം വരുത്തുന്നത് മൂലമുള്ള പ്രതിസന്ധി കേരളത്തിന്റെ മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | അന്താരാഷ്ട്ര സമുദ്ര സസ്തിനി സംരക്ഷണ നിർദേശങ്ങൾ പ്രത്യേകിച്ച് ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ് ഘടിപ്പിക്കുന്നത് സംബന്ധിച്ച് അമേരിക്കൻ ഐക്യനാടുകൾ ഏർപ്പെടുത്തിയിട്ടുള്ള ചെമ്മീൻ കയറ്റുമതി നിരോധനം നയതന്ത്ര ഇടപെടലുകൾ നടത്തി നീക്കുന്നതിന് കേന്ദ്ര സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തേണ്ടത് |

| | | | |
|---|---|---|---|
| | | | അനിവാര്യമാണ്. ഇതിനായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കയറ്റുമതി നിയന്ത്രണങ്ങൾ നീക്കാത്തത് സംസ്ഥാനത്തെ മത്സ്യബന്ധനം, മത്സ്യസംസ്കരണ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിൽ നിന്നുള്ള പ്രധാന ഇനം തിരിച്ചുള്ള കയറ്റുമതി പട്ടിക

| MAJOR ITEM WISE KERALA | | | | | | |
|---|---|---|---|---|---|---|
| Q:Quantity Tons, V: Value Rs Crore,Value $: US$(Million) | | | | | | |
| | | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
| FROZEN SHRIMP | Q | 64640 | 83073 | 70800 | 64895 | 61992 |
| | V | 3352.68 | 4174.11 | 3945.43 | 3541.63 | 3502.87 |
| | $ | 456.60 | 573.82 | 505.28 | 431.95 | 418.27 |
| | UV$ | 7.06 | 6.91 | 7.14 | 6.66 | 6.75 |
| FROZEN FISH | Q | 36441 | 32170 | 51524 | 52833 | 38915 |
| | V | 469.11 | 452.53 | 884.39 | 892.52 | 642.69 |
| | $ | 64.07 | 61.62 | 110.72 | 108.86 | 76.80 |
| | UV$ | 1.76 | 1.92 | 2.15 | 2.06 | 1.97 |
| FR CUTTLE FISH | Q | 19408 | 22088 | 22130 | 19182 | 21899 |
| | V | 607.95 | 829.21 | 1068.26 | 959.67 | 1062.34 |
| | $ | 82.95 | 113.03 | 134.63 | 117.04 | 126.75 |
| | UV$ | 4.27 | 5.12 | 6.08 | 6.10 | 5.79 |
| FR SQUID | Q | 23142 | 26882 | 31517 | 25295 | 25741 |
| | V | 844.47 | 1057.06 | 1455.91 | 1023.81 | 1044.27 |
| | $ | 115.42 | 146.19 | 184.72 | 124.80 | 125.12 |
| | UV$ | 4.99 | 5.44 | 5.86 | 4.93 | 4.86 |
| DRIED ITEM | Q | 1026 | 282 | 6767 | 14508 | 16305 |
| | V | 19.47 | 5.08 | 81.39 | 198.67 | 175.00 |
| | $ | 2.68 | 0.69 | 10.19 | 24.26 | 20.91 |
| | UV$ | 2.61 | 2.44 | 1.51 | 1.67 | 1.28 |
| LIVE ITEMS | Q | 38 | 81 | 54 | 19 | 14 |
| | V | 8.36 | 12.58 | 8.75 | 5.45 | 4.93 |
| | $ | 1.14 | 1.72 | 1.12 | 0.67 | 0.59 |
| | UV$ | 30.06 | 21.09 | 20.77 | 35.87 | 41.78 |
| CHILLED ITEMS | Q | 340 | 1061 | 1183 | 694 | 892 |
| | V | 14.27 | 46.04 | 46.60 | 34.82 | 46.13 |
| | $ | 1.97 | 6.25 | 5.86 | 4.26 | 5.53 |
| | UV$ | 5.79 | 5.89 | 4.95 | 6.14 | 6.20 |
| OTHERS | Q | 12662 | 16793 | 34655 | 19382 | 13902 |
| | V | 306.81 | 394.95 | 794.31 | 575.28 | 463.15 |
| | $ | 41.92 | 54.85 | 100.21 | 70.22 | 55.45 |
| | UV$ | 3.31 | 3.27 | 2.89 | 3.62 | 3.99 |
| Grand Total | Q | 157698 | 182430 | 218629 | 196807 | 179660 |
| | V | 5623.12 | 6971.56 | 8285.03 | 7231.84 | 6941.36 |
| | $ | 766.76 | 958.17 | 1052.72 | 882.05 | 829.42 |
| | UV$ | 4.86 | 5.25 | 4.82 | 4.48 | 4.62 |